ആർഐറ്റി–കചടതപ–സായാഹ

ലിപിസഞ്ചയ മത്സരം 2026



ആർഐറ്റി–കചടതപ–സായാഹ

ലിപിസഞ്ചയ മത്സരം 2026

രചന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപ്പോഗ്രഫി
(മാർഗ്ഗനിർദ്ദേശങ്ങൾ)

© 2025, Rachana Institute of Typography

The electronic versions were generated from sources marked up in LaTeX in a computer running GNU/Linux operating system. PDF was typeset using XeLaTeX from TeXLive 2025 and the cloud framework, Ithal (ഇതൾ). The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Malayalam Calligraphy 5521, a calligraphic creation by Narayana Bhattathiri. The image is provided by the author and is gratefully acknowledged.

Rachana Institute of Typography
JWRA 34, Jagathy, Trivandrum, India 695014
URL: rachana.org.in

ആർഐറ്റി—കചടതപ—സായാഹ

ലിപിസഞ്ചയ മത്സരം 2026

മലയാള ലിപിസഞ്ചയം (ഫോണ്ട്) രൂപകല്പന ചെയ്യ് സ്വതന്ത്ര ലിപിസഞ്ചയമായി പുറത്തിറക്കാൻ വിദ്യാർത്ഥികളുടെയും, ലിപിസഞ്ചയ രൂപകൽപ്പനയിലും നിർമ്മാണത്തിലും ഏർപ്പെട്ടിരിക്കുന്ന കലാകാരന്മാരുടെയും പങ്കാളിത്തം ക്ഷണിച്ചുകൊണ്ട് ലിപിസഞ്ചയ മത്സരം നടത്തുകയാണ്.

മുൻകൊല്ലത്തെ അപേക്ഷിച്ച് പൊതുവായി പാഠ സംസ്കരണത്തിന് ഉതകുന്ന ലിപിസഞ്ചയങ്ങളെയാണ് (body text font) ഇത്തവണ മത്സരത്തിന് ക്ഷണിക്കുന്നത്. അതായത് കലിഗ്രഫി, കൈയെഴുത്ത്, തലക്കെട്ട്, അലങ്കാരം, തുടങ്ങിയ വിഭാഗങ്ങളിൽ പെടുന്ന ലിപിസഞ്ചയങ്ങൾ സ്വീകാര്യമല്ല എന്നർത്ഥം.

മലയാളത്തിന്റെ മുദ്രണകലയെ പ്രോത്സാഹിപ്പിക്കാനും പുതുതലമുറയ്ക്ക ഭാഷയുടെയും ലിപിയുടെയും സൗന്ദര്യം അവധാനതയോടെ പരിചയപ്പെടുത്താനുമുള്ള രചന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപോഗ്രഫി (ആർഐറ്റി), സായാഹ ഫൗണ്ടേഷൻ, കചടതപ ഫൗണ്ടേഷൻ എന്നീ സ്ഥാപനങ്ങളുടെ കൂട്ടായ പരിശ്രമം കൂടിയാണിത്.

സ്വരങ്ങൾ, വ്യഞ്ജനങ്ങൾ, കൂട്ടക്ഷരങ്ങൾ എന്നിവയിൽ നിന്നു തിരഞ്ഞെടുത്ത ചുവടെ ചേർത്തിട്ടുള്ള പതിനഞ്ച് ഗ്ലിഫുകൾ ആദ്യ സെലക്ഷൻ കമ്മറ്റിക്കു മുമ്പിൽ സമർപ്പിച്ച് അതിൽ തിരഞ്ഞെടുക്കപ്പെട്ടവരെ മാത്രം മത്സരത്തിൽ പങ്കെടുപ്പിക്കുന്നു.

- സ്ക്രീനിംഗിനു സമർപ്പിക്കേണ്ട ഗ്ലിഫുകൾ:
  ഊ ജ സ ഭ യ മ ങ്ങ വ്യ കൃ ണ ഗ്ര ദ്ധ സ്സ ങ്ക ഞ്ജ.
- സമർപ്പിക്കേണ്ട അവസാന തിയതി:
  ജൂൺ 15, 2025.

ആദ്യ തെരഞ്ഞെടുപ്പിൽ വിജയികളായവർക്ക് അക്ഷരസഞ്ചയ നിർമ്മാണത്തിനുള്ള സാങ്കേതിക സഹായം രചന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപോഗ്രഫി ലഭ്യമാക്കും. ആയതിലേയ്ക്ക് തിരുവനന്തപുരത്തു വച്ച് ഒരു ദ്വിദിന ശില്പശാല നടത്തുന്നതാണ്.

സമ്മാനാർഹമാകുന്ന ഫോണ്ടുകൾ പൊതുജനങ്ങൾക്ക് സ്വതന്ത്രമായി ഉപയോഗിക്കാവുന്ന ലൈസൻസിൽ (ഓപ്പൺ ഫോണ്ട് ലൈസൻസ്) പ്രകാശനം ചെയ്യും.

നിർദ്ദേശങ്ങൾ

1. മത്സരാർത്ഥികൾക്ക് ഫോണ്ട് സാങ്കേതികത അറിഞ്ഞിരിക്കണമെന്നില്ല, അക്ഷരങ്ങൾ രൂപകല്പന ചെയ്താൽ മതി.
2. കംപ്യൂട്ടറിൽ രൂപകൽപന ചെയ്ത vector graphics (SVG format) ആയി ഓരോ അക്ഷരങ്ങളും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് തയ്യാറാക്കുക. ഇല്ലസ്ട്രേറ്റർ, ഇങ്ക്സ്കേപ്, മെറ്റഫോണ്ട്/മെറ്റപോസ്റ്റ് മുതലായ സോഫ്റ്റ്വെയറുകളുപയോഗിച്ച് രൂപകല്പന ചെയ്യാവുന്നതാണ്.
3. അക്ഷരങ്ങളുടെ അളവുകൾ (baseline, ascender, descender മുതലായവ) അടയാളപ്പെടുത്തിയ ചില മാതൃകകൾ ഇവിടെ ലഭ്യമാണ്: https://rachana.org.in/ref-glyphs-inkscape.zip. ശ്രദ്ധിക്കുക, അടയാളങ്ങൾ ഇങ്ക്സ്കേപ് സോഫ്റ്റ്വെയറിൽ മാത്രമേ ദൃശ്യമാകൂ.
4. ഓരോ അക്ഷരരൂപവും ഓരോ SVG ഫയൽ ആയി പ്രത്യേകം നിർമ്മിച്ചിരിക്കണം.
5. എല്ലാ അക്ഷരരൂപവും (glyphs) 1000 px (unit) ഉയരമുള്ളതായിരിക്കണം (height). അടിസ്ഥാനം ബേസ്‌ലൈനിൽ അടുക്കിയിരിക്കണം. വീതി (width) അക്ഷരത്തിനനുസരിച്ചാവാം.



6. അക്ഷരരൂപങ്ങളുടെ ഫയലുകളുടെ നാമകരണം (naming of files) നിശ്ചിത രൂപത്തിലായിരിക്കണം. നാമകരണ സമ്പ്രദായം ഇവിടെ ലഭ്യമാണ്: https://rachana.org.in/rit-glyph-naming.pdf.
7. മുഴുവൻ അക്ഷരങ്ങളും പൂർത്തിയാക്കിയാൽ അവസാന തീയതിക്കു മുമ്പ് സമർപ്പിക്കുക.
8. താല്പര്യമുള്ളവർ ഇവിടെ രജിസ്റ്റർ ചെയ്യുക: https://sayahna.net/fcomp-2026.

സമ്മാനം

- ഒന്നാം സമ്മാനം: ₹ 3,00,000
- രണ്ടാം സമ്മാനം: ₹ 2,00,000
- മൂന്നാം സമ്മാനം: ₹ 1,00,000
- മൂന്നു പ്രോത്സാഹന സമ്മാനങ്ങൾ: ₹ 50,000 വീതം

നിബന്ധനകൾ

1. അക്ഷരങ്ങളുടെ രൂപകൽപന മൗലികമായിരിക്കണം (നിലവിലുള്ള ഫോണ്ടുകൾ മാറ്റം വരുത്തിയത്, AI tools മുതലായവ അനുവദനീയം അല്ല).
2. റ്റെക്സ്റ്റ് ഫോണ്ട് വിഭാഗത്തിൽപ്പെടുന്ന ലിപിസഞ്ചയങ്ങൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. നിർമ്മിക്കാൻ ആഗ്രഹിക്കുന്നവർ തനതുലിപിയിലുള്ള മുഴുവൻ അക്ഷരങ്ങളും രൂപകൽപന ചെയ്തിരിക്കണം. സമ്പൂർണ്ണ ലിപിസഞ്ചയം ഇവിടെ ലഭ്യമാണ്: https://rachana.org.in/glist-rachana-regular.html.
3. അലങ്കാരം, കലിഗ്രഫി, കൈയെഴുത്ത്, തലക്കെട്ട്, തുടങ്ങിയ വിഭാഗങ്ങളിലെ ലിപിസഞ്ചയങ്ങൾ സ്വീകാര്യമല്ല.
4. ഒന്നിലധികം പേർ ചേർന്നാണ് രൂപകൽപന യെങ്കിൽ ഓരോരുത്തരുടെയും ചുമതലയും കർത്തവ്യവും സമ്മാനത്തുക വിതരണത്തിന്റെ തോതും വ്യക്തമാക്കിയിരിക്കണം.
5. ഭാഷയിലും ലിപിയിലും സാങ്കേതികതകയിലും വിദഗ്ദ്ധരായ വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
6. അക്ഷരങ്ങളുടെ പകർപ്പവകാശം താഴെ വ്യക്തമാക്കിയിരിക്കുന്നവരിൽ നിക്ഷിപ്തമായിരിക്കും:
   - രൂപകൽപന ചെയ്യുന്നവർ (designers)
   - രചന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപോഗ്രഫി (ഫോണ്ട് നിർമ്മാണ സാങ്കേതികതയ്ക്കും അനുബന്ധപ്രക്രിയകൾക്കും)
7. സമർപ്പിക്കുന്ന അക്ഷരരൂപങ്ങൾ ഓപ്പൺ ഫോണ്ട് സ്വതന്ത്ര അനുമതിപത്ര പ്രകാരം പുറത്തിറക്കാനുള്ള അവകാശം ആർഐറ്റി-യിൽ നിക്ഷിപ്തമാണ്. രേഖാമൂലം ഓരോ അപേക്ഷകനും സമ്മതപത്രം നൽകേണ്ടതാണ്.
8. പങ്കെടുത്തവർ പൂർത്തിയാക്കിയ ഫോണ്ടുകൾ ജൂറിയുടെ നിർദ്ദേശമനുസരിച്ച് വേണ്ട മാറ്റങ്ങൾ വരുത്തി പ്രസിദ്ധീകരിക്കുന്നതാണ്.
9. സമ്മാനത്തുകയുടെ 50% മത്സരഫലം പുറത്തിറങ്ങിയ ഉടനെയും ശേഷിച്ച 50% ജൂറിയുടെ നിർദ്ദേശങ്ങളനുസരിച്ച് മെച്ചപ്പെടുത്തി വീണ്ടും സമർപ്പിച്ചതിനു ശേഷവും കൈമാറുന്നതാണ്.
10. മത്സരാർത്ഥികൾ ആഗ്രഹിക്കുന്നപക്ഷം തുടർന്നും അവർ തയ്യാറാക്കുന്ന ഫോണ്ടുകൾക്കു വേണ്ട നിർദ്ദേശങ്ങളും സാങ്കേതിക സഹായവും, ആർഐറ്റി മുഖാന്തരം പ്രസിദ്ധീകരിക്കാൻ അവസരവും നൽകുന്നതാണ്.
11. പ്രാഥമിക പരിശോധനയ്ക്ക് അക്ഷരങ്ങൾ സമർപ്പിക്കാനുള്ള അവസാന തീയതി: ജൂൺ 15, 2025.
12. കൂടുതൽ വിവരങ്ങൾക്ക്: mailto:info@rachana.org.in.

Click here for the Engish version.







Rachana Institute of Typography, Jagathy, Trivandrum 695014